## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1467** **06/03/2017-ൽ മറുപടിയ്ക്ക്**

## മാമം വിർജിൻ കോക്കനട്ട് ഓയിൽ ഉൽപ്പാദന കേന്ദ്രം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി. സത്യൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| എ) നാളികേര വികസന കോർപ്പറേഷന് കീഴിൽ പ്രവർത്തിക്കുന്ന മാമം നാളികേര കോംപ്ലക്സിലെ വിർജിൻ കോക്കനട്ട് ഓയിൽ ഉൽപ്പാദന കേന്ദ്രം പ്രവർത്തനരഹിതമാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കാരണം വിലയിരുത്തിയിട്ടുണ്ടോ ; എന്തെല്ലാം പദ്ധതികളാണ് നടത്തിയത്; പ്രവർത്തന ചുമതല ഏത് ഏജൻസിക്കാണ്; ഇത് തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; | എ) ഉണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് വിർജിൻ കോക്കനട്ട് ഓയിൽ ഉദ്പാദിപ്പിക്കുവാനുള്ള പ്ലാന്റ് സ്ഥാപിച്ചത്. എന്നാൽ കാലഹരണപ്പെട്ട യന്ത്രസാമഗ്രിയാണ് മാമത്ത് സ്ഥാപിച്ചിട്ടുള്ളത്. കരാർ ഏറ്റെടുത്ത ഏജൻസി ട്രയൽ റൺ നടത്തിയപ്പോൾതന്നെ പ്ലാന്റ് തകരാറിലായി. ആറ്റിങ്ങൽ മുൻസിപ്പാലിറ്റിയിൽ നിന്നും ലൈസൻസ് ലഭിക്കാത്തതും പ്ലാന്റ് പ്രവർത്തിക്കാത്തതിന് കാരണമാണ്. വിർജിൻ കോക്കനട്ട് ഓയിൽ ഉല്പാദനം നടത്തുന്നതിനുള്ള പദ്ധതിയാണ് പ്രധാനമായും ഉൾപ്പെടുത്തിയിരുന്നത്. ഇതിന്റെ പ്രവർത്തന ചുമതല കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷനാണ്. ഇത് തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. |
| ബി) മൂല്യാധിഷ്ഠിത നാളികേര ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിപണനത്തിനുമായി ആറ്റിങ്ങൽ മാമം ദേശീയ പാതയോരത്ത് വിഭാവനം ചെയ്ത കോക്കനട്ട് മാൾ പദ്ധതിയുടെ അവസ്ഥ എന്താണ്; പദ്ധതി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | ബി) പ്ലാന്റിന്റെ തകരാറുകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനാണ് ആദ്യ പരിഗണന നൽകുന്നത്. പദ്ധതിയിൽ ആദ്യപടിയായി വിർജിൻ കോക്കനട്ട് ഓയിൽ ഉല്പാദനമാണ് ലക്ഷ്യമിട്ടുന്നത്. |

സെക്ഷൻ ഓഫീസർ